**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **09-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര ക്രാഫ്റ്റ് വില്ലേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര ക്രാഫ്റ്റ് വില്ലേജ് പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര പഞ്ചായത്തിലെ കണ്ണമ്പ്ര വില്ലേജിലെ 11-ാം വാർഡിലെ സർവ്വേ നമ്പർ : 422 (1 മുതൽ 9 വരെ) ൽ ഉൾപ്പെട്ട 5 ഏക്കർ സ്ഥലത്ത് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കാൻ ഭരണാനുമതി നൽകുകയും, പദ്ധതിയുടെ Special Purpose Vehicle ആയി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ 17/12/2020 -ലെ യോഗ തീരുമാനമനുസരിച്ച് ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കോർപ്പറേഷന്റെ പേരിലേക്ക് മാറ്റുന്ന വിഷയം തദ്ദേശ സ്വയം ഭരണ വകുപ്പിൽ പരിശോധിച്ചു വരികയാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറിയതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പാലക്കാട് ജില്ലയിലെ ആലത്തൂർ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയിൽ സർവ്വേ നമ്പർ 422/1 -ൽ ഉൾപ്പെട്ട 0.1040 ഹെക്ടർ (25.69 cent) സ്ഥലവും 422/6 -ൽ ഉൾപ്പെട്ട 0.7405 ഹെക്ടർ (1.83 ഏക്കർ) സ്ഥലവും (Total : 2.09 ഏക്കർ) നിലവിൽ കുളമായതിനാൽ ടി സ്ഥലം സർക്കാരിന് ഏറ്റെടുക്കാമെങ്കിലും മറ്റു വകുപ്പുകൾക്ക് കൈമാറ്റം ചെയ്യാൻ സാധ്യമല്ല. സർവ്വേ നമ്പർ 422/4 -ൽ ഉൾപ്പെട്ട 0.65 ares (1.61 cent) സ്ഥലവും 422/5-ൽ ഉൾപ്പെട്ട 2 ares (4.94 cent) സ്ഥലവും (Total : 2.65 ares) നിലവിൽ റോഡ് ആയതിനാൽ അതും കൈമാറ്റം ചെയ്യാൻ സാധിക്കില്ല. ബാക്കിയുള്ള 0.8365 ഹെക്ടർ (2.067 ഏക്കർ) സ്ഥലത്ത് ക്രാഫ്റ്റ് |

| | | | |
|---|---|---|---|
| | | | വില്ലേജ് നിർമ്മാണം സാധ്യമാണോ എന്നത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ